## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3705** 20/10/2016 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരപരവും മാനസികവുമായ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ.എം.ഷാജി<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) വിദ്യ അഭ്യസിപ്പിക്കുന്നതിനൊപ്പം വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരപരവും മാനസികവുമായ ഉന്നമനത്തിന്റെ കാര്യത്തിൽ അദ്ധ്യാപകർ വഹിക്കേണ്ട പങ്കിനെക്കുറിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികളുടെ സദാചാരപരവും, സാംസ്കാരികവും മാനസികവുമായ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങളും പദ്ധതികളും നടപ്പിൽ വരുത്തുന്നതിന് അദ്ധ്യാപക പരിശീലന പരിപാടികളിൽ തന്നെ വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരവും മാനസികവുമായ ഉന്നമനത്തിനായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിവിധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളുടെ അച്ചടക്കം, സദാചാരബോധം എന്നിവ നിലനിർത്താൻ അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ഏകോപനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) വിദ്യാർത്ഥികളുടെ അച്ചടക്കം, സദാചാരബോധം എന്നിവ നിലനിർത്താൻ അദ്ധ്യാപകരുംരക്ഷിതാക്കളും തമ്മിലുള്ള ഏകോപനം ആവശ്യമാണെന്നു കൊണ്ട് തന്നെ എല്ലാ വിദ്യാലയങ്ങളിലും യഥാസമയം അദ്ധ്യാപക-രക്ഷാകർതൃത്വ സമിതികൾ ചേരുകയും വിഷയം ഗൗരവമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.<br>ഇതിനായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് കീഴിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസിലിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളിൽ അച്ചടക്കവും |

സദാചാരബോധവും വളർത്തുന്നതിനായി പരിശീലനം നൽകുന്നതോടൊപ്പം രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് മാതാക്കൾക്ക് കുട്ടികളുടെ മാനസികാവസ്ഥയെയും അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും സംബന്ധിച്ച് അവബോധം നൽകുകയും അവർ സമൂഹത്തിന് ഗുണകരമാകുന്ന രൂപത്തിൽ വളർന്നു വരുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. "അമ്മ അറിയാൻ" എന്ന പരിപാടി ഈ ഇനത്തിൽപ്പെട്ടതാണ്. PTA യുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടത്തുന്നത്. ഒരു വനിതാ ഡോക്ടറുടെയോ മാനസികാരോഗ്യ വിദഗ്ധന്റെയോ സേവനം ഇതിനായി പ്രയോജനപ്പെടുത്താറുണ്ട്.

വിദ്യാർത്ഥികളിൽ അച്ചടക്കവും സദാചാരവും നിലനിർത്തുന്നതിൽ പ്രസ്തുത മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് പുറമേ ഈ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നു. ഇതിനായി NIMHANS, Indian Dental Association തുടങ്ങിയ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതി, സ്കൂൾ വികസന സമിതി എന്നിവ ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു.

(സി) ഈ വിഷയത്തിൽ ആരോഗ്യകരമായ സമീപനം സ്വീകരിക്കാൻ നിലവിലെ ചില നിയമങ്ങളും വിദ്യാർത്ഥി സംഘടനകളുടെ ഇടപെടലുകളും തടസ്സമാവുന്നുണ്ടെന്ന ആക്ഷേപം പരിശോധിക്കുമോ?

(സി) ഇപ്രകാരമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Sreedevi

സെക്ഷൻ ഓഫീസർ